StudentBounty.com

# SUMMATIVE ASSESSMENT – I
# SEPTEMBER 2012

## GRADE IX

Sub: MALAYALAM. Total Marks :90
Time 3 Hours

എ-വിഭാഗം

I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഭാരതീയ പൈതൃകത്തിന്റെ അന്തഃസത്ത പുനരാവിഷ്ക്കരിക്കുന്നതിലാണ് ഉള്ളൂർ കൂടുതൽ ശ്രദ്ധിച്ചത്. ഉള്ളൂർക്കവിതയുടെ അന്തർഭാവവും മറ്റൊന്നുമല്ല. കവിയുടെ ഖണ്ഡകൃതികൾ ഈ പാരമ്പര്യത്തോടുള്ള ആത്മബന്ധവും ബഹുമാനവും ഉദാഹരിക്കുന്നു.പുരാണേതിഹാസ കഥാപാത്രങ്ങൾക്കു ചൈതന്യവും ശക്തിയും നൽകി അവതരിപ്പിക്കാനുള്ള കഴിവ് അനന്യസാധാരണമായി അദ്ദേഹത്തിൽ കാണുന്നു. കർണ്ണഭൂഷണം ഈ സവിശേഷതകൾ ഉൾക്കൊള്ളുന്ന ഉള്ളൂർ കൃതികൾക്ക് ഉദഹരണമാണ്. ആർഷധർമ്മത്തിന്റെയും ആത്മത്യാഗത്തിന്റെയും ഉത്കൃഷ്ട പ്രതീകമാണ് ഇതിലെ കർണ്ണൻ. കാലാനുപ്രസക്തിയുള്ള കഥാപാത്രമാണ്.

1. ഉള്ളൂർ ഏതു വിഷയത്തിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്? 2
2. അനന്യസാധാരണമായി ഉള്ളൂരിൽ കാണുന്ന കഴിവെന്ത് ? 2
3. ഉള്ളൂരിന്റെ ഏതെങ്കിലും ഒരു കൃതിയുടെ പേരെഴുതുക. 2
4. കർണഭൂഷണത്തിൽ കർണൻ ഏതിന്റെയൊക്കെ പ്രതീകമാണ്? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. 2

**ബി-വിഭാഗം**

I 1. നിങ്ങളുടെ പ്രദേശത്ത് മാലിന്യം നിക്ഷേപിക്കുന്നതു മൂലം അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ജില്ലാകളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. 7

2 .അഞ്ചോ ആറോ വാക്യത്തിൽ ആശയം വിശദമാക്കുക. 4

" സ്നേഹമാണഖിലസാരമൂഴിയിൽ"

അല്ലെങ്കിൽ

"താൻ താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ
താൻ താനനുഭവിച്ചീടുകെന്നേ വരൂ"

www.StudentBounty.com
Homework Help & Pastpapers

StudentBounty.com

3. ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക.

1. കച്ച കെട്ടിപ്പുറപ്പെടുക.
2. മുതലക്കണ്ണീർ വാർക്കുക.
3. കല്ലും നെല്ലും തിരിക്കുക.
4. അതിരു കടക്കുക.

4. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക. 7

1. വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം.
2. മതസൗഹാർദം
3. മനുഷ്യപുരോഗതിയിൽ ശാസ്ത്രം വഹിക്കുന്ന പങ്ക്.

### സി- വിഭാഗം

I 1.പ്രയോഗം മാറ്റുക 2

എ) കണ്ണൻ അകലെ നിൽക്കുന്ന വലിയമ്മയെ നോക്കുന്നു.
ബി)അദ്ദേഹം ജാമാതാവ് സുഹൃത്തുക്കളോടൊപ്പം ഇരിക്കുന്നതു കണ്ടു.

2. മഹാവാക്യമാക്കുക. 1

കേരളത്തിൽ ഇന്നലെ ഹർത്താൽ പ്രഖ്യാപിച്ചിരുന്നു. വാഹനങ്ങൾ ഓടാതിരുന്നില്ല.

3. അന്യാഖ്യാന സംഭാഷണമാക്കുക 2

അമ്മാളുഃ കല്യാണച്ചെലവിന് ജാനൂന് എത്ര കൊടുത്തു?
കുറുപ്പ് ഃ അത് നീ അറിയണ്ട. ഇവിടെ വരവ്ചെലവ് കണക്ക് വയ്ക്കണത് ഞാനാ.

II തെറ്റുണ്ടെങ്കിൽ തിരുത്തുക

1. അയാൾ ആഹാരമൊന്നും കഴിക്കാതെ ഒരു ദിവസം മുഴുവൻ നിരാഹാരമിരുന്നു. 1
2.വൃദ്ധയായ രവിയുടെ അമ്മ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ 1

III 1. ശരിയായഅർഥമെഴുതുക 1

ഹർമ്യം
എ) പാലം ബി) മാളിക സി) വഴി ഡി)ആകാശം

2. ശരിയായ പര്യായപദങ്ങൾ എഴുതുക 1

കിരീടം
ഏ) കേശം ബി) മകുടം സി) ഓഷ്ഠം ഡി) മുടി

www.StudentBounty.com
Homework Help & Pastpapers

3. ശരിയായ വിപരീതപദം എഴുതുക 1
സചേതനം
എ) ചേതനം ബി) അചേതനം സി) അചേദിതം ഡി) സംഹാരം

4 ശരിയായ നാനാർഥപദങ്ങളെഴുതുക 1
പാട്
എ) വയൽ ബി) അടയാളം സി) ബുദ്ധിമുട്ട് ഡി) ക്ഷീണം

5 ശരിയായ അർഥവ്യത്യാസം എടുത്തെഴുതുക 1
ദീനം - ദിനം
എ) ദിവസം ബി) സാധു സി) രോഗം ഡി) വർഷം

## ഡി- വിഭാഗം

I ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക

1. സഹപാഠികൾ എന്ന കവിത എഴുതിയതാര്? 1
എ) സുഗതകുമാരി ബി) ബാലാമണിയമ്മ സി)ഇടശ്ശേരി ഡി) ചങ്ങമ്പുഴ

2. മാധ്യമംതന്നെയാണ് സന്ദേശം എന്നു പ്രഖ്യാപിച്ചത് ആര്? 1
എ) കൊളംബസ് ബി) മാർഷൽ മക്‌ലുഹൻ സി) ജെറി മാൻഡർ
ഡി) സെബാസ്റ്റ്യൻപോൾ

3."യുവത്വം മാത്രമാണ് ജീവിതംന്ന് ഞാൻ പറഞ്ഞില്ല.പക്ഷെ, സാധാരണ മനുഷ്യൻെറ വസന്തകാലം അതാണ്" - ഇങ്ങനെ പറഞ്ഞതാര്? 1
എ) രാമൻ കുട്ടിനായർ ബി) ശങ്കരൻ കുട്ടി സി)പി.കെ അന്തോണി
ഡി)അച്യുതന്മാഷ്

4. 'അങ്ങേ വീട്ടിലേക്ക് എന്ന കവിത' ഏത് കൃതിയിൽ നിന്നെടുത്തതാണ്? 1
എ) തത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ ബി) നിവേദ്യം സി) ഓടക്കുഴൽ ഡി)തരംഗിണി

5. താഴെ തന്നിരിക്കുന്നവയിൽ തിരക്കഥ എന്ന സാഹിത്യവിഭാഗത്തിൽ പെടുന്ന പാഠഭാഗം ഏത്? 1
എ) എഴുപതുകാരുടെ യോഗം ബി)ഒരു ചെറുപുഞ്ചിരി സി)പുതിയ ആകാശം പഴയ ഭൂമി ഡി) അഴികളില്ലാത്ത ആകാശം

6. 'അങ്ങേ വീട്ടിലേക്ക്' എന്ന കവിതയിൽ ഇടശ്ശേരി പ്രധാനമായും വിശകലനം ചെയ്യുന്ന പ്രമേയം എന്ത്? 1
എ) കുടുംബ ബന്ധങ്ങളിലെ സംഘർഷങ്ങൾ ബി)സമൂഹത്തിലെ അഴിമതി
സി)പ്രകൃതി-മനുഷ്യ ബന്ധം ഡി)ജീവിതത്തിലെ ലാളിത്യം



StudentBounty.com
www.StudentBounty.com
Homework Help & Pastpapers

II 1. ചെറുവാരെ ശങ്കരൻ കുട്ടി പുതിയ തലമുറയുടെ മനോഭാവത്തെക്കുറിച്ച് പറഞ്ഞത് എന്തെല്ലാം? 4

2.അച്ഛന്റെ മരണശേഷം മക്കൾ അവരുടെ കൂടെ നിൽക്കാൻ വിളിച്ചപ്പോൾ അമ്മാളുവിന്റെ പ്രതികരണം എന്തായിരുന്നു? 4

3.മക്ലുഹന്റെ പ്രവചനം സാക്ഷാത്ക്കരിച്ചതെങ്ങനെ? 4

4." വഞ്ചി മുങ്ങിയില്ല വാര്യരെ "- സന്ദർഭവവും ആശയവും വിശദമാക്കുക. 4

III 1. ജാമാതാവ് ദണ്ഡപ്പെടാൻ കാരണമെന്ത്? 4

2.പുത്രന്റെ കണ്ണു തുടച്ചുകൊണ്ട് അമ്മ പറഞ്ഞതെന്താണ്? 4

3.വൃദ്ധൻ 'ചോടു മാറ്റി' ചൊല്ലിയത് എന്ത്? 4

4.കൂട്ടുകാരൻ വരാത്തതിൽ കുട്ടി എന്തൊക്കെയാണ് സംശയിക്കുന്നത്? 4

IV ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (5X2) 10

1.നരേന്ദ്രന്റെ ബാല്യകാലംവിവരിക്കുക.

2.രായിപ്പൂരിലേക്കുള്ള യാത്രയിൽ നരേന്ദ്രന് ഉണ്ടായ അനുഭവം വിവരിക്കുക.

3.ശ്രീരാമകൃഷ്ണപരമഹംസരും നരേന്ദ്രനും തമ്മിലുള്ള ഗുരുശിഷ്യ ബന്ധത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.

---------------------------------------

StudentBounty.com

www.StudentBounty.com
Homework Help & Pastpapers